'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജൈവ - അജൈവ മാലിന്യ ശേഖരണ/സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള ക്യാമ്പയിൻ സമീപനരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.298/2020/LSGD    തീയതി,തിരുവനന്തപുരം, 05/02/2020

---

പരാമർശം:-1 04.12.2019 ലെ സ.ഉ (സാധാ) നമ്പർ 2753/2019/തസ്വഭവ നമ്പർ ഉത്തരവ്

2 ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷൻ മിഷൻ സംസ്ഥാനതല കർമസേന യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ 20.12.2019 –ന് ചേർന്ന സംസ്ഥാനതല അവലോകനയോഗത്തിലെ തീരുമാനം നം 1(C)

## ഉത്തരവ്

ഹരിത കേരളം മിഷൻ, ശുചിത്വ - മാലിന്യ സംസ്കരണ മിഷൻ സംസ്ഥാനതല കർമസേന യോഗതീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് ഉറപ്പാക്കുന്നതിന് അവലോകനം യോഗം ചേരുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. സംസ്ഥാനത്തെ ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജൈവ - അജൈവ മാലിന്യ ശേഖരണ/സംസ്കരണ സംവിധാനങ്ങളായ മിനി എം.സി.എഫുകൾ, കമ്പോസ്റ്റ് പിറ്റ്, സോക് പിറ്റ് എന്നീ സൗകര്യങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള സമീപന രേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറെ പരാമർശം (2) പ്രകാരം ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ മിഷൻ ഡയറക്ടർ ക്യാമ്പയിൻ സമീപനരേഖ തയാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി/ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശുചിത്വ - മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജൈവ -അജൈവ മാലിന്യ ശേഖരണ/സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള ക്യാമ്പയിൻ സമീപനരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ക്യാമ്പയിനിന് ആവശ്യമായ ചിലവുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്നും, ശുചിത്വമിഷന്റെ 'IEC Components' നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ
മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം
ഹരിതകേരളംമിഷൻ, ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ സംസ്ഥാനതല കർമസേനയിലെ എല്ലാ അംഗങ്ങൾക്കും ( ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ കോർപറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/G&SSA/E& RSA)കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SMITHA B CHANDRA
Date: 2020.02.05 12:25:26 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്

അനുബന്ധം

## മാലിന്യ സംസ്കരണം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ/അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികളിലൂടെയുള്ള പ്രവർത്തനങ്ങൾ - കാമ്പയിൻ

1. ശുചിത്വമാലിന്യ സംസ്കരണം

(1) ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ ദൗത്യം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി, ജൈവ മാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച്, സംഭരിച്ച്, റീസൈക്ളിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണവും നടത്തുക വഴി കേരളം രാജ്യത്തിനു മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുമെന്നതാണ് ഉപദൗത്യം.

എളുപ്പം ചീഞ്ഞളിയാനിടയുള്ള ജൈവമാലിന്യം അതിന്റെ ഉറവിടത്തോട് ഏറ്റവുമടുത്ത് അതാതു ദിവസം തന്നെ സംസ്കരിക്കുകയും ഹരിതകർമ്മസേനാ പ്രവർത്തകർ ഓരോ വീടും സ്ഥാപനവും സന്ദർശിച്ച് ഓരോയിടത്തും ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യം ശേഖരിക്കുകയും നിലവിൽ അനുവർത്തിച്ചു വരുന്ന മാലിന്യ സംസ്കരണ രീതികൾ കണ്ടെത്തുകയും വേണം. അതോടൊപ്പം ജൈവമാലിന്യത്തെ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കുകയും വേണം. വീടുകളിൽ ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ടത് ഹരിതകർമ്മ സേനയാണ്. അജൈവ മാലിന്യം കൃത്യമായ ഇടവേളകളിൽ ശേഖരിക്കുവാനുള്ള ചുമതലയും ഹരിതകർമ്മ സേനയ്ക്കാണ്.

ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നാളിതുവരെ നടത്തിയ ഇടപെടലുകളുടെ ഭാഗമായി ഗ്രാമ-നഗര പ്രദേശങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിന് ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളും അജൈവ മാലിന്യ പരിപാലനത്തിനുവേണ്ട പശ്ചാത്തല സൗകര്യങ്ങളായ എം.സി.എഫ്., ആർ.ആർ.എഫ്. സൗകര്യങ്ങളും ഏറെക്കുറെ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് (658 ഗ്രാമപഞ്ചായത്തുകളിലും, 179 നഗരസഭകളിലും എം.സി.എഫും, 98 ബ്ലോക്ക് പഞ്ചായത്തുകളിലും 53 നഗരസഭകളിലും ആർ.ആർ.എഫും സ്ഥാപിക്കപ്പെട്ടു). അതുപോലെ ഹരിതകർമ്മ സേന 722 ഗ്രാമപഞ്ചായത്തുകളിലും 89 നഗരസഭകളിലും പ്രവർത്തനക്ഷമമാണ്. മിഷൻ ലക്ഷ്യമിടും പ്രകാരം സുരക്ഷിത ജൈവ, അജൈവ, ദ്രവ മാലിന്യ പരിപാലന നടപടികൾ പൂർണ്ണമാക്കുന്നതിന് ഇനിയും വലിയൊരളവിലെ ഇടപെടൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകേണ്ടതുണ്ട്. ആവശ്യാനുസരണം മാലിന്യ സംസ്കരണ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിച്ചും അജൈവ മാലിന്യ ശേഖരണ കൈമാറൽ നടപടികൾ ഊർജ്ജിതമാക്കേണ്ടതുമുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഘടകങ്ങളെ സമഗ്രമായി പ്രയോജനപ്പെടുത്തിയാൽ മാലിന്യ സംസ്കരണ മേഖലയിൽ പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലുള്ള കുറവ് നികത്തുവാനും ജൈവ-അജൈവ മാലിന്യ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുവാനും കഴിയും.

(2) മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ - തൊഴിലുറപ്പ് പദ്ധതി സാധ്യതകൾ

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഗാർഹികതല ജൈവമാലിന്യ പരിപാലനത്തിനായി കമ്പോസ്റ്റിങ്ങ് സൗകര്യങ്ങൾ (ഇരട്ട കുഴി കമ്പോസ്റ്റ്, നാടേപ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്), ദീനബന്ധു മാതൃകയിലെ ബയോഗ്യാസ് പ്ലാന്റ്, അജൈവ മാലിന്യങ്ങൾ താത്കാലികമായി വാർഡുകളിൽ സംഭരിച്ച് കൈമാറുന്നതിലേക്ക് മിനി മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റികൾ, ഗാർഹിക ദ്രവ മാലിന്യ സംവിധാനമായ സോക്പിറ്റ് എന്നിവ നിർമ്മിച്ചു നൽകുവാൻ കഴിയും.

മാലിന്യ സംസ്കരണ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളിലൂടെ മേൽ പരാമർശിക്കപ്പെട്ട പശ്ചാത്തല സൗകര്യങ്ങൾ കുറേ സൃഷ്ടിക്കുവാൻ കഴിഞ്ഞുവെങ്കിലും ആവശ്യമായ തോതിൽ സജ്ജീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അതിനാൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷൻ നടക്കുന്ന പശ്ചാത്തലത്തിൽ ഒരു കാമ്പയിൻ പ്രവർത്തനത്തിലൂടെ ഏറ്റെടുത്ത് മേൽ പരാമർശിച്ച പഞ്ചാത്തല സൗകര്യങ്ങൾ വാർഡ് തലത്തിലും വീടുകളിലും എത്തിക്കേണ്ടതുണ്ട്.

## 2. കാമ്പയിന്റെ ഭാഗമായി സൃഷ്ടിക്കേണ്ട പശ്ചാത്തല സൗകര്യങ്ങൾ

(1) ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ

ഓരോ വീട്ടിലുമുണ്ടാകുന്ന ജൈവമാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ തന്നെ വീടുകളിൽ സംസ്കരിക്കേണ്ടതുണ്ട്. എന്നാൽ, ഇതിനുള്ള സൗകര്യം കൂടുതൽ വീടുകളിൽ എത്തിക്കുകവഴി അഴുകുന്ന മാലിന്യം സ്വയമേവ സംസ്കരിക്കപ്പെടുന്ന സംസ്കാരം രൂപപ്പെടും. താരതമ്യേന ചെറിയ തുണ്ട് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങൾക്കാണ് ജൈവ മാലിന്യ സംവിധാനങ്ങൾ സൗകര്യപ്പെടുത്തേണ്ടി വരുന്നത്. അതിനാൽ സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്ത്, നഗരസഭാ വാർഡിലും ഇതിന്റെ ആവശ്യകത നിശ്ചയിച്ച് നിർവ്വഹണം നടത്തേണ്ടതുണ്ട്. ഇതിലേക്ക് ഗ്രാമപഞ്ചായത്ത്, നഗരസഭ, കുടുംബശ്രീ, ശുചിത്വമിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നീ സ്ഥാപനങ്ങലുടെ സംയുക്ത പ്രവർത്തനം ആവശ്യമാണ്. ഒരു വാർഡിലെ 50 വീടുകൾ എന്ന കണക്കിൽ കാമ്പയിൻ മാതൃകയിൽ ഇരട്ടകുഴി കമ്പോസ്റ്റ്/നാടേപ് കമ്പോസ്റ്റ്, ദീനബന്ധു ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർവ്വഹിക്കാവുന്നതാണ്. കാമ്പയിൻ മാതൃകയിൽ സംഘടിപ്പിക്കാമെങ്കിൽ സാധന സാമഗ്രികളുടെ വാങ്ങൽ, ട്രാൻസ്പോർട്ടേഷൻ, നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവ സമയബന്ധിതമാക്കാനും കൂടാതെ ഓരോ വീടിനുമുള്ള ചെലവ് തുക പരിമിതപ്പെടുത്തുവാനും കഴിയും.

(2) അജൈവമാലിന്യ സംസ്കരണം

അജൈവമാലിന്യ സംസ്കരണത്തിനുവേണ്ടി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി (എം.സി.എഫ്) സജ്ജീകരിക്കുന്നതിനും ഹരിതകർമ്മസേന രൂപീകരിച്ച് വീടുകൾ, സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ശേഖരിച്ച് തരംതിരിച്ച് സംസ്കരിക്കപ്പെടുന്നതിലേക്കുമുള്ള പ്രവർത്തനങ്ങൾ

പുരോഗതിയിലാണ്. എന്നാൽ, ഓരോ വാർഡിൽ നിന്നും ശേഖരിക്കപ്പെടുന്ന സാധന സാമഗ്രികൾ താത്കാലികമായി പ്രാഥമിക തരംതിരിവു നടത്തി സൂക്ഷിക്കുന്നതിന് ഓരോ വാർഡിലും മിനി എം.സി.എഫ് പഞ്ചാത്തല സൗകര്യം ഉണ്ടാകേണ്ടതുണ്ട്. മിനി എം.സി.എഫ്.ൽ സൂക്ഷിക്കപ്പെടുന്നവ കൃത്യമായ ഇടവേളകളിൽ എം.സി.എഫ്.ലേക്ക് ട്രാൻസ്പോർട്ട് ചെയ്താൽ മതിയാകും. ഈ സൗകര്യം ഹരിതകർമ്മസേനയുടെ അദ്ധ്വാനം ഏറെ ലഘൂകരിക്കുകയും, സാമ്പത്തിക വയബിലിറ്റി വർദ്ധിപ്പിക്കുകയും ചെയ്യും. പൊതുസ്ഥാപനങ്ങളോടനുബന്ധിച്ചോ, സ്വയംസഹായ സംഘങ്ങളുടെ സ്ഥലത്തോ, സ്വകാര്യ വ്യക്തികൾ സന്നദ്ധമായി അനുവദിക്കുന്നയിടങ്ങളിലോ നിർമ്മിക്കാവുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം സ്ഥലം നിശ്ചയിക്കണം. തൊഴിലുറപ്പ് പദ്ധതി പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി (കുറഞ്ഞത് 6'X6'X4' അളവിൽ) നിർവ്വഹണം നടത്തുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്.

(3) ദ്രവമാലിന്യ സംസ്കരണം

വീടുകളിലെയും പൊതുസ്ഥാപനങ്ങളിലെയും ദ്രവമാലിന്യം (കുളിമുറി, പാചകപ്പുരയിൽ നിന്നുമുള്ളവ) സുരക്ഷിതമായി സംസ്കരിക്കപ്പെടേണ്ടതുണ്ട്. സാധാരണയായി ചെറിയ തുണ്ട് ഭൂമിയിൽ താമസിക്കുന്ന കുടുംബങ്ങളും പൊതു സ്ഥാപനങ്ങളിലും ഇവയുടെ സൗകര്യകുറവുമൂലം പൊതുസ്ഥലത്തേക്ക് (ഓടകൾ, ഇടവഴികൾ, റോഡ്) ഒഴുക്കിവിട്ട് മാലിന്യപ്രശ്നം സൃഷ്ടിക്കുന്നു. അതിനാൽ ഇത്തരം വീടുകളിലും പൊതുസ്ഥാപനങ്ങളിലും സോക്പിറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ അജൈവമാലിന്യ പരിപാലന സംവിധാനം സൃഷ്ടിക്കുന്ന കാമ്പയിന്റെ കൂടെ തന്നെ ഈ സംവിധാനവും കാമ്പയിൻ മാതൃകയിൽ തന്നെ നിർമ്മിക്കാവുന്നതാണ്. ഇതിനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാണ്. ഒരു വാർഡിൽ 50 വീതം സോക്പിറ്റുകൾ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നിർമ്മിക്കാവുന്നതാണ്. കാമ്പയിൻ മാതൃകാ പ്രവർത്തന സാമഗ്രികളുടെ വാങ്ങൽ, ട്രാൻസ്പോർട്ടേഷൻ, നിർമ്മാണ പ്രവർത്തനങ്ങളുടെ ഏകോപനം കാര്യക്ഷമവും സമയബന്ധിതമാക്കുകയും ചെലവ് പരിമിതപ്പെടുത്തുന്നതിന് സഹായകമാകുകയും ചെയ്യും.

(4) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിലെ പൊതുശുചിത്വ സൗകര്യസൃഷ്ടി

ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തത പല പട്ടികജാതി സങ്കേതങ്ങളിലും നിലവിലുണ്ട്. പട്ടികജാതി സങ്കേതങ്ങളിൽ ശുചിത്വപൂർണ്ണമായ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിന് സഹായകമായ പ്രവൃത്തികൾ സമഗ്ര കാഴ്ചപ്പാടോടുകൂടി ഏറ്റെടുക്കേണ്ടതാണ്. ജൈവമാലിന്യ സംസ്കരണത്തിനുള്ള പൊതു കമ്പോസ്റ്റിങ്ങ് സംവിധാനങ്ങൾ (തുമ്പൂർ മൂഴി), ദ്രവമാലിന്യ സംസ്കരണത്തിന് സോക്പിറ്റുകളും മലിനജല നിർഗ്ഗമന ചാലുകളും ദ്രവമാലിന്യ സംസ്കരണത്തിനുള്ള പൊതുസൗകര്യങ്ങളും ഒരുക്കേണ്ടതാണ്. സാങ്കേതിക സൗകര്യങ്ങളുടെ ഡിസൈൻ, മാതൃകാ എസ്റ്റിമേറ്റ് എന്നിവ ശുചിത്വമിഷൻ തയ്യാറാക്കി നിർവ്വഹണം തൊഴിലുറപ്പ് പദ്ധതിയിലൂടെയും നടത്താവുന്നതാണ് ഓരോ ഗ്രാമപഞ്ചായത്ത്, നഗരസഭയിലും ഒന്നുവീതം സങ്കേതങ്ങൾ കണ്ടെത്തി പ്രവൃത്തി നിർവ്വഹണം നടത്താവുന്നതാണ്.

3. കാമ്പയിൻ: മുഖ്യ പങ്കാളികളും ചുമതലകളും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനങ്ങൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടും ഏകോപിത പ്രവർത്തനത്തിലൂടെയും മാത്രമേ ഈ കാമ്പയിൻ വിജയിപ്പിക്കുവാൻ കഴിയുകയുള്ളൂ. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കാമ്പയിന്റെ ഭാഗമായി ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാകേണ്ടതും പ്രധാനമാണ്.

| ക്രമ നം. | മുഖ്യപങ്കാളി | ചുമതലകൾ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്ത്, നഗരസഭ | കാമ്പയിൻ വിവരം ജനങ്ങളിലെത്തിക്കൽ<br>ഉദ്യോഗസ്ഥ സംവിധാനത്തെ സജ്ജമാക്കുന്നതിനുള്ള യോഗങ്ങൾ നടത്തുക<br>കുടുംബശ്രീ സംഘടനാ സംവിധാന പ്രവർത്തനം പ്രയോജനപ്പെടുത്തുക<br>വർക്കിങ് ഗ്രൂപ്പുകളിൽ റിപ്പോർട്ടു ചെയ്ത് പ്രോജക്ടുകൾ തയ്യാറാക്കുക<br>വാർഡുതല ശുചിത്വാരോഗ്യ സമിതികൾക്ക് ഉത്തരവാദിത്വം നൽകി പ്രവർത്തനക്ഷമമാക്കുക<br>പദ്ധതി രൂപീകരണം ഗ്രാമ/വാർഡുസഭയിൽ ചർച്ച ചെയ്യുക<br>വാർഷിക പദ്ധതി വികസന സെമിനാറിൽ ചർച്ച ചെയ്യുക<br>തൊഴിലുറപ്പ് പദ്ധതി 2020-21 ലേബർ ബഡ്ജറ്റിന്റെ ഭാഗമായ കർമ്മ പദ്ധതിയിൽ പ്രവൃത്തികൾ ഉൾക്കൊള്ളിച്ച് യഥാവിധി അനുമതികൾ നൽകുക<br>സോക്പിറ്റ്, കമ്പോസ്റ്റ് പിറ്റ് എന്നിവ നിർമ്മിക്കാൻ ഗുണഭോക്താക്കളെ കണ്ടെത്തി ഗ്രാമ/വാർഡുസഭകളിൽ യഥാവിധി അംഗീകാരം നേടുക<br>മിനി എം.സി.എഫ്.കൾക്ക് വേണ്ടി ഹരിതകർമ്മ സേന കണ്ടെത്തി ശുപാർശ ചെയ്യുന്ന സ്ഥലം പരിശോധിച്ച് തീരുമാനങ്ങളെടുക്കുക<br>ശുചിത്വ പ്രോജക്ട് ഏറ്റെടുക്കുവാനുള്ള പട്ടികജാതി സങ്കേതം നിശ്ചയിക്കുക.<br>പ്രവൃത്തികളുടെ നിർവ്വഹണം നടത്തുക |
| 2 | ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി | നോട്ടീസുകൾ നൽകുക<br>യോഗങ്ങൾ വിളിച്ചുചേർക്കുക<br>കുടുംബശ്രീ സി.ഡി.എസ്. യോഗത്തിൽ കാമ്പയിൻ ചർച്ച ചെയ്യപ്പെടുന്നുവെന്ന് ഉറപ്പിക്കുക<br>വർക്കിംഗ് ഗ്രൂപ്പിൽ പങ്കെടുത്ത് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ നൽകുക<br>ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി/ജനറൽ കമ്മിറ്റി യോഗത്തിൽ റിപ്പോർട്ട് ചെയ്ത് തീരുമാനങ്ങളെടുക്കുകയും നിർവ്വഹണ നടപടികൾ സ്വീകരിക്കുകയും ചെയ്യുക |

| | | |
|---|---|---|
| | | തൊഴിലുറപ്പ് പദ്ധതിയുടെ ലേബർ ബഡ്ജറ്റിന്റെ ഭാഗമായ വാർഷിക കർമ്മ പദ്ധതിയിൽ പ്രോജക്ടുകൾ ഉൾക്കൊള്ളിക്കുക<br><br>പദ്ധതി രൂപീകരണ ഗ്രാമ/വാർഡുസഭയിൽ ചർച്ച ചെയ്യുന്നുവെന്ന് ഉറപ്പാക്കുക<br><br>വികസന സെമിനാറിൽ ചർച്ച ചെയ്യുക<br><br>കമ്പോസ്റ്റു പിറ്റ്, സോക്പിറ്റുകൾ നിർമ്മിക്കുന്നതിലേക്കുള്ള വീടുകൾ നിശ്ചയിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനം/ഗ്രാമസഭ/വാർഡുസഭ തീരുമാനങ്ങൾ യഥാവിധി ഏറ്റെടുക്കുക<br><br>തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും വാർഡുതലത്തിലുമുള്ള ശുചിത്വാരോഗ്യ സമിതികളുടെ യോഗങ്ങൾ നടക്കുന്നുവെന്ന് ഉറപ്പാക്കുക. വാർഡ് കൺവീനർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക. സ്ക്വാഡ് പ്രവർത്തനം ഉറപ്പാക്കുക<br><br>പദ്ധതി നിർവ്വഹണം ഫസിലിറ്റേറ്റ് ചെയ്യുക<br><br>ആവശ്യമായ ടെണ്ടർ നടപടികൾ സ്വീകരിക്കുക |
| 3 | ഗ്രാമപഞ്ചായത്ത്/ നഗര ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | വർക്കിങ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പരിശോധിച്ച് ജനറൽ കമ്മിറ്റിയിൽ ശുപാർശ നൽകുക<br><br>പ്രോജക്ട് രൂപീകരണ നിർവ്വഹണ നടപടികൾ മോണട്ടർ ചെയ്യുക |
| 4 | ഗ്രാമപഞ്ചായത്ത്/ നഗരസഭാ ശുചിത്വ മാലിന്യ സംസ്കരണ വർക്കിങ് ഗ്രൂപ്പ് | നിലവിലെ സ്ഥിതി അവലോകനം<br><br>കുറവുകൾ കണ്ടെത്തുക<br><br>പ്രോജക്ട് രൂപീകരിക്കുക<br><br>നിർവ്വഹണ നിർദ്ദേശങ്ങൾ രൂപീകരിക്കുക |
| 5 | ഗ്രാമപഞ്ചായത്ത്/ നഗരസഭാ ശുചിത്വ മാലിന്യ സംസ്കരണ വർക്കിങ് ഗ്രൂപ്പ് കൺവീനർ | സ്ഥിതി അവലോകന റിപ്പോർട്ടും ശുപാർശയും വർക്കിങ് ഗ്രൂപ്പിൽ സമർപ്പിക്കുക<br><br>പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക<br><br>കാമ്പയിൻ പ്രോജക്ടുകൾ ഗ്രാമ/വാർഡുസഭകളിൽ ചർച്ച ചെയ്യുക<br><br>കാമ്പയിൻ പ്രോജക്ടുകൾ വികസന സെമിനാറിൽ ചർച്ചയും തീരുമാനവുമെടുക്കുക |
| 6 | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത്തല പ്രവർത്തനങ്ങൾക്ക് വേണ്ട പിന്തുണ ഉറപ്പാക്കുക<br><br>മിനി എം.സി.എഫ്. സജ്ജീകരിക്കുവാൻ ഉചിതമായ സ്ഥലങ്ങൾ കണ്ടെത്താൻ സഹായിക്കുക<br><br>ഏറ്റവും മുൻഗണന നൽകി ഏറ്റെടുക്കേണ്ട പട്ടികജാതി ആവാസ കേന്ദ്രങ്ങൾ സംബന്ധിച്ച നിർദ്ദേശം എസ്.സി. ജില്ലാകോർഡിനേറ്ററുടെ സഹായത്തോടെ തയ്യാറാക്കുക<br><br>തൊഴിലുറപ്പ് പദ്ധതി ലേബർ ബഡ്ജറ്റിൽ പ്രോജക്ടുകൾ ഉൾപ്പെട്ടുവോയെന്ന് പരിശോധിക്കുക. വേണമെങ്കിൽ കൂട്ടിച്ചേർക്കലുകൾ നടത്തുക. |
| 7 | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി & ബി.പി.ഒ | ബ്ലോക്ക്പഞ്ചായത്തിൽ കാമ്പയിൻ റിപ്പോർട്ടിങ്, പഞ്ചായത്തിന്റെ പിന്തുണ ഉറപ്പാക്കൽ |

| | | |
|---|---|---|
| | | ലേബർ ബഡ്ജറ്റും വാർഷിക കർമ്മപദ്ധതിയും പരിശോധിച്ച് പ്രോജക്ട് ഉൾക്കൊള്ളിച്ചെന്ന് ഉറപ്പാക്കൽ<br><br>കാമ്പയിൻ പ്രവർത്തനങ്ങളിൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ പങ്കാളിത്തം ഉറപ്പാക്കൽ, പ്രോജക്ട് നിർവ്വഹണം ഫസിലിറ്റേറ്റ് ചെയ്യുക |
| 8 | ജില്ലാപഞ്ചായത്ത് | കാമ്പയിന്റെ ജില്ലാ നേതൃത്വം, കാമ്പയിനിൽ ജില്ലാപഞ്ചായത്ത് അംഗങ്ങളുടെ പിന്തുണ ഉറപ്പാക്കൽ<br><br>ഫീൽഡ് പ്രവർത്തനങ്ങൾക്ക് നേതൃത്വം<br><br>ലേബർ ബഡ്ജറ്റ് പരിശോധിച്ച് പ്രവൃത്തികൾ കർമ്മപദ്ധതിയിൽ ഉൾക്കൊള്ളിച്ചുവെന്നുറപ്പിക്കൽ |
| 9 | ജില്ലാപഞ്ചായത്ത് സെക്രട്ടറി | ജില്ലാപഞ്ചായത്തിന് കൈമാറ്റം ചെയ്യപ്പെട്ട ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പിക്കൽ<br><br>ലേബർ ബഡ്ജറ്റ് പരിശോധനയും അംഗീകാരവും നേടുന്നതിനുള്ള പ്രവർത്തനങ്ങൾ |
| 10 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ റീജണൽ ജോയിന്റ് ഡയറക്ടർ (നഗരം) | ഗ്രാമപഞ്ചായത്ത്/നഗരം അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ ജില്ലാതല യോഗം ചേരുന്നതിനും കാമ്പയിൻ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർ, ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ എന്നിവരുമായി ബന്ധപ്പെട്ട് നടപ്പാക്കുക<br><br>പദ്ധതി രൂപീകരണ ഗ്രാമ/വാർഡുസഭയിൽ കാമ്പയിൻ ചർച്ച ചെയ്യുമെന്ന് ഉറപ്പാക്കൽ<br><br>വികസന സെമിനാറിൽ ചർച്ച ഉറപ്പാക്കുക<br><br>ലേബർ ബഡ്ജറ്റ്, വാർഷിക കർമ്മപദ്ധതി എന്നിവയിൽ പ്രോജക്ടുകൾ ഭൗതിക ലക്ഷ്യത്തിനനുസൃതമായി ഉൾപ്പെട്ടുവെന്നുറപ്പാക്കൽ<br><br>ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമ/വാർഡുസഭ അംഗീകാര നടപടികൾ ഉറപ്പാക്കൽ<br><br>വാർഡുകളിൽ മിനി എം.സി.എഫ്. സ്ഥാപിക്കുന്ന സ്ഥലങ്ങൾ നിർണ്ണയിച്ചുവെന്ന് ഉറപ്പിക്കൽ<br><br>ഏറ്റവും പിന്നോക്കം നിൽക്കുന്ന എസ്.സി. സങ്കേതം സമയബന്ധിതമായ ഗ്രാമപഞ്ചായത്ത്/നഗരസഭ കണ്ടെത്തി നിശ്ചയിച്ചുവെന്നുറപ്പിക്കൽ<br><br>ഹരിതകർമ്മ സേനയെ സജീവമാക്കുവാനുള്ള നടപടികൾക്ക് നേതൃത്വം വഹിക്കുക<br><br>ഹരിതകർമ്മ സേന ഇനിയും ഇല്ലാത്തയിടങ്ങൾ രൂപീകരിച്ചു പ്രവർത്തനക്ഷമമാക്കിയെന്ന് ഉറപ്പിക്കൽ<br><br>പ്രതിമാസ അവലോകന നടപടികൾ |
| 11 | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) | ബ്ലോക്ക് പഞ്ചായത്തുകളുടെ പിന്തുണ ഉറപ്പാക്കൽ<br><br>കാമ്പയിനിൽ എല്ലാ തലത്തിലുമുള്ള ഗ്രാമവികസന ഉദ്യോഗസ്ഥരുടെ പങ്കാളിത്തം ഉറപ്പാക്കൽ<br><br>ബ്ലോക്ക് പഞ്ചായത്ത് വികസന സെമിനാറിൽ കാമ്പയിൻ ചർച്ച നടക്കുന്നുവെന്ന് ഉറപ്പിക്കൽ<br><br>ഫീൽഡ്തല പ്രവർത്തനങ്ങളുടെ മോണിട്ടറിങ് |

| | | |
|---|---|---|
| 12 | ജില്ലാ കോ-ഓർഡിനേറ്റർ (ശുചിത്വ മിഷൻ) | വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ<br><br>ജില്ലയിലെ മുഴുവൻ ജനപ്രതിനിധികൾക്കും കത്തെഴുതൽ<br><br>തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള ജില്ലാതല ഓറിയന്റേഷൻ സംഘടിപ്പിക്കുക<br><br>മാതൃകാ ഡിസൈനുകൾ, എസ്റ്റിമേറ്റുകൾ എന്നിവ അടിസ്ഥാനപ്പെടുത്തി ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുവേണ്ട സാങ്കേതിക പിന്തുണ<br><br>ജില്ലാ, ഗ്രാമ/നഗരതല ശുചിത്വാരോഗ്യ സമിതികൾ യഥാസമയം യോഗം ചേർന്ന് കാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം, ദിശാഗതി നിയന്ത്രണം |
| 13 | ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | ഗ്രാമപഞ്ചായത്ത് ലേബർ ബഡ്ജറ്റിൽ പ്രോജക്ടുകൾ ഉൾക്കൊള്ളിച്ചുവെന്ന് ഉറപ്പിക്കൽ<br><br>ഓരോ ഗ്രാമപഞ്ചായത്തിനും അനുയോജ്യമായ ഡിസൈൻ, എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് പരിശോധന, ഉപദേശം നൽകൽ<br><br>ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിലേക്കുള്ള ഫസിലിറ്റേഷൻ<br><br>സുഗമമായ നിർവ്വഹണത്തിനായി ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കൽ<br><br>മേറ്റുമാർ, എഞ്ചിനീയർ/ഓവർസിയർമാർക്കുള്ള ഓറിയന്റേഷൻ പരിശീലനങ്ങൾ<br><br>വർക്ക് അറേഞ്ച്മെന്റിന്റെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളും ചിട്ടയാക്കുക<br><br>നിശ്ചയിക്കപ്പെട്ട കാലഗണനയിൽ തന്നെ പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കൽ, പ്രതിമാസ അവലോകന നടപടികൾ |
| 14 | ഹരിതകേരളം ജില്ലാ കോർഡിനേറ്റർ | ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ, റീജണൽ ജോയിന്റ് ഡയറക്ടർ എന്നിവരുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളുടെ ചിട്ടപ്പെടുത്തൽ, ഫീൽഡുതല പ്രവർത്തനങ്ങൾക്ക് സഹായം, നിർവ്വഹണ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വേണ്ട ഇടപെടലുകൾ |
| 15 | ജില്ലാ മിഷൻ കോർഡിനേറ്റർ കുടുംബശ്രീ | കുടുംബശ്രീ സി.ഡി.എസ്., എ.ഡി.എസ് ഓറിയന്റേഷൻ<br><br>അയൽക്കൂട്ട പ്രവർത്തനങ്ങൾ ഉറപ്പാക്കൽ<br><br>നിലവിലെ ഹരിതകർമ്മ സേനാ പ്രവർത്തനം വിലയിരുത്തി കാര്യക്ഷമമാക്കൽ, ശേഷീവികസന പരിപാടികൾ<br><br>ഹരിതകർമ്മ സേന ഇല്ലാത്ത ഗ്രാമപഞ്ചായത്ത്, നഗരസഭകളിൽ ഹരിതകർമ്മ സേനാംഗങ്ങളെ കണ്ടെത്തി പരിശീലിപ്പിക്കലും വിന്യാസ നടപടികളും |
| 16 | ജില്ലാകളക്ടർ | കാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), റീജണൽ ജോയിന്റ് ഡയറക്ടർ, ജില്ലാ പ്രോജക്ട് ഓഫീസർ, ഹരിതകേരളം ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാമിഷൻ കോർഡിനേറ്റർ കുടുംബശ്രീ എന്നിവർ ഉൾപ്പെട്ട കാമ്പയിൻ സെൽ രൂപീകരിച്ച് പ്രവർത്തനങ്ങളുടെ ഏകോപനം, ദിശാഗതി നിയന്ത്രണം |

| | | |
|---|---|---|
| 17 | എക്സിക്യൂട്ടീവ് ഡയറക്ടർ സംസ്ഥാന ശുചിത്വ മിഷൻ | വിവര വിജ്ഞാന വ്യാപനം - മെറ്റീരിയലുകൾ തയ്യാറാക്കൽ, പരസ്യം നൽകൽ, അച്ചടി തുടങ്ങിയവ<br>സാങ്കേതിക സംവിധാനങ്ങളുടെ ഡിസൈൻ & എസ്റ്റിമേറ്റ് തയ്യാറാക്കൽ<br>ജില്ലാമിഷൻ പ്രവർത്തനങ്ങളുടെ മോണിട്ടറിങ് |
| 18 | മിഷൻ ഡയറക്ടർ - സംസ്ഥാന തൊഴിലുറപ്പ് മിഷൻ | ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ - പ്രവർത്തനങ്ങൾ വിലയിരുത്തൽ<br>മാതൃകാ ഡിസൈൻ & എസ്റ്റിമേറ്റുകൾ തയ്യാറാക്കി നൽകൽ<br>ദൈനംദിന മോണിട്ടറിംഗ്, പുരോഗതി വിലയിരുത്തൽ<br>പൊതുപ്രശ്നങ്ങൾ പരിഹരിക്കൽ |
| 19 | പഞ്ചായത്ത് ഡയറക്ടർ | ആവശ്യമായ ഫസിലിറ്റേറ്റിങ് ഉത്തരവുകൾ പുറപ്പെടുവിക്കൽ<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രവർത്തനം പ്രതിമാസ വിലയിരുത്തൽ<br>ഗ്രാമപഞ്ചായത്തുകളിലെ പ്രവർത്തനം മോണിട്ടറിംഗ് & അവലോകനം<br>എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഹരിതകർമ്മ സേന പ്രവർത്തിക്കുന്നുവെന്ന് ഉറപ്പിക്കുക |
| 20 | നഗരകാര്യ ഡയറക്ടർ | ആവശ്യമായ ഫസിലിറ്റേറ്റിങ് ഉത്തരവുകൾ പുറപ്പെടുവിക്കുക<br>ആർ.ജെ.ഡി.മാരുടെ പ്രവർത്തനം വിലയിരുത്തുക<br>നഗരസഭാ പ്രവർത്തനങ്ങൾ മോണിട്ടറിങ് & അവലോകനം<br>എല്ലാ നഗരസഭകളിലും ആവശ്യാനുസരണം എം.സി.എഫ്, ആർ.ആർ.എഫ് സ്ഥാപിച്ചുവെന്ന് ഉറപ്പിക്കുക, ഹരിതകർമ്മ സേന പ്രവർത്തിക്കുന്നുവെന്ന് ഉറപ്പിക്കുക<br>നഗരസഭകളിൽ കാമ്പയിൻ പ്രോജക്ട് നിർവ്വഹണം ഭൗതികലക്ഷ്യം അനുസരിച്ച് നടക്കുന്നുവെന്നുറപ്പാക്കുക<br>പ്രതിമാസ പുരോഗതി അവലോകനം നടപടി സ്വീകരിക്കുക |
| 21 | ഗ്രാമവികസന കമ്മീഷണർ | കാമ്പയിൻ ഏകോപന ചുമതല ഒരു ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർക്കു നൽകുക<br>വേണ്ട ഫസിലിറ്റേറ്റിങ് ഉത്തരവുകൾ നൽകുക<br>അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ മുഖേന ബ്ലോക്ക് പഞ്ചായത്ത് പിന്തുണാ പ്രവർത്തനം ഉറപ്പാക്കുക<br>പ്രവർത്തന പുരോഗതി മോണിട്ടറിങ് നടപടി സ്വീകരിക്കുക |
| 22 | എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ | സി.ഡി.എസ്., എ.ഡി.എസ്. സംഘടനാ സംവിധാനത്തിന് വേണ്ട ഓറിയന്റേഷൻ ഉറപ്പിക്കുക<br>ജില്ലയിൽ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് ഉപരിയായി കാമ്പയിൻ ചുമതലാ ഉദ്യോഗസ്ഥനെ നിർണ്ണയിക്കുക<br>സംസ്ഥാന മിഷനിൽ കാമ്പയിൻ ചുമതലാ ഉദ്യോഗസ്ഥനെ നിശ്ചയിക്കുക<br>പുരോഗതി അവലോകനം നടത്തുക |

| | | |
|---|---|---|
| 23 | എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഹരിതകേരളം മിഷൻ | കാമ്പയിന്റെ പൊതുവായ ദിശാഗതി നിയന്ത്രണം |

4. കാമ്പയിൻ പ്രവർത്തനങ്ങൾ: നിർവ്വഹണ രീതിയും തന്ത്രവും

കാമ്പയിൻ വിജയിപ്പിക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ, വിവര വിജ്ഞാന വ്യാപന പ്രവർത്തനം, വിവിധ പങ്കാളികൾക്കുള്ള ഓറിയന്റേഷൻ പരിശീലനം, ഡിസൈനുകളും എസ്റ്റിമേറ്റുകളും തയ്യാറാക്കൽ, പ്രവൃത്തി നിർവ്വഹണ നടപടികൾ, വിദഗ്ദ്ധ മേസൺ പരിശീലനം, വിവിധ സമിതികളുടെ യോഗങ്ങൾ, ചിട്ടയായ മോണിട്ടറിങ് എന്നിവ സംഘടിപ്പിക്കേണ്ടതുണ്ട്.

പ്രവർത്തന ഘടകങ്ങൾ, നിർവ്വഹണ രീതി, ഉത്തരവാദിത്വം, കാലഗണന എന്നിവ ചുവടെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

| ക്രമ നം. | പ്രവർത്തന ഘടകം | നിർവ്വഹണ രീതി | ഉത്തരവാദിത്വം | സമയ ക്രമം |
|---|---|---|---|---|
| | **1. പ്രാരംഭ പ്രവർത്തനങ്ങൾ** | | | |
| 1 | പഞ്ചായത്ത് അസോസിയേഷൻ (ഗ്രാമ, ബ്ലോക്ക്, ജില്ല), മുനിസിപ്പൽ ചെയർമാൻ ചേമ്പർ, മേയർ ചേമ്പറുമായി ആശയവിനിമയം | കത്തെഴുതുക/യോഗം | പ്രിൻസിപ്പൽ സെക്രട്ടറി | 28.01.2020 |
| 2 | ജില്ലാകളക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥരുമായി ആശയവിനിമയം | വീഡിയോ കോൺഫറൻസ് | പ്രിൻസിപ്പൽ സെക്രട്ടറി | 28.01.2020/ 29.01.2020 |
| 3 | ജില്ലാ കാമ്പയിൻ സെൽ | സെൽ രൂപീകരണവും ആദ്യ യോഗവും | ജില്ലാ കളക്ടർ | 30.01.2020 |
| 4 | എല്ലാ ജനപ്രതിനിധികളുമായി ആശയ വിനിമയം | ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രി കത്ത് എഴുതൽ, കത്ത് എത്തിക്കൽ (കുടുംബശ്രീ മിഷനിലൂടെ) | ജില്ലാ കളക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ | 30.01.2020 |
| 5 | കാമ്പയിൻ മെറ്റീരിയൽ ഉള്ളടക്കം വികസിപ്പിക്കൽ & | ശുചിത്വ മിഷൻ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, ഹരിത കേരളം മിഷൻ, ഐ.ഇ.സി. ടീം റൈറ്റ് ഷോപ്പ്. പ്രിന്റ് മീഡിയ ഉള്ളടക്കം തയ്യാറാക്കൽ, റേഡിയോ മീഡിയ സ്ക്രിപ്റ്റ് ആശയങ്ങൾ തയ്യാറാക്കൽ, വാട്സ് ആപ് & ഫേസ്ബുക്ക് ആശയം തയ്യാറാക്കൽ<br><br>പ്രിന്റ് മീഡിയ & സോഷ്യൽ മീഡിയ ഡിസൈനറെ ചുമതലപ്പെടുത്തുക | ഐ.ഇ.സി. ടീം ശുചിത്വമിഷൻ, പ്രോഗ്രാം ഓഫീസർ ഐ.ഇ.സി മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്, ഹരിതകേരളം മിഷൻ<br><br>ഐ.ഇ.സി. ഓഫീസർ | 29.01.2020 |
| | ക്രിയേറ്റീവ് ഡിസൈൻ തയ്യാറാക്കൽ | റേഡിയോ ക്രിയേറ്റീവ് എഫ്.എം. റേഡിയോ ഗ്രൂപ്പിനെ ചുമതലപ്പെടുത്തുക | ഐ.ഇ.സി. ടീം ശുചിത്വമിഷൻ | |

| | | | | |
|---|---|---|---|---|
| 6 | ബ്ലോക്ക്തല യോഗം | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറിമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ബ്ലോക്ക് ജോയിന്റ് ബി.ഡി.ഒ, എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ യോഗം, കാമ്പയിൻ വിശദീകരണം | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | 31.01.2020 |
| 7 | ഗ്രാമ/വാർഡുസഭകളിൽ കാമ്പയിൻ ചർച്ച | വാർഷിക പദ്ധതി രൂപീകരണ വാർഡ്/ഗ്രാമസഭകളിൽ കാമ്പയിൻ വിശദാംശങ്ങൾ അജണ്ടയാക്കി ചർച്ച ചെയ്യൽ | ഗ്രാമപഞ്ചായത്ത്, നഗരസഭ സെക്രട്ടറിമാർ, ഗ്രാമസഭ/വാർഡു സഭ കോർഡിനേറ്റർ മാർ | 08.02.2020 ന് മുന്നേ |
| 8 | വാർഷിക പദ്ധതി വികസന സെമിനാറിൽ ചർച്ച | കാമ്പയിന്റെ 4 ഘടകങ്ങൾ അവതരിപ്പിച്ച് ചർച്ച ചെയ്ത് ഭാവി പ്രവർത്തനങ്ങൾ ചിട്ടയാക്കൽ | ഗ്രാമപഞ്ചായത്ത്/ വാർഡുസഭ സെക്രട്ടറി | 19.02.2020 ന് മുന്നേ |
| | **2. വിവര വിജ്ഞാന വ്യാപനം** | | | |
| 1 | പ്രിന്റ് മെറ്റീരിയൽ അച്ചടി | 40 ലക്ഷം ലീഫ്ലെറ്റ് | ശുചിത്വ മിഷൻ | ഫെബ്രുവരി 1-15 |
| 2 | ലീഫ്ലെറ്റ് വിതരണം | ഗൃഹസന്ദർശനം നടത്തി വീടുകളിലെത്തിക്കലും സംവദിക്കലും | വാർഡ് ശുചിത്വാരോഗ്യ സമിതി സ്ക്വാഡ് | ഏപ്രിൽ 1-10 |
| 3 | പത്രപരസ്യം | ഇ & ഡി കാറ്റഗറി പത്രങ്ങളിൽ ഓൾ കേരള എഡിഷൻ (ക്വാർട്ടർ പേജ് ബ്ലാക്ക് & വൈറ്റ്) | ശുചിത്വ മിഷൻ | ഏപ്രിൽ 1-7 (ഒരു ദിവസം) |
| 4 | റേഡിയോ പരസ്യം | എഫ്.എം & കമ്മ്യൂണിറ്റി റേഡിയോ ചാനലുകൾ, ഓൾ കേരള (15 ദിവസം + 15 ദിവസം രണ്ടു സ്പെല്ലുകളായി) | ശുചിത്വ മിഷൻ | ഏപ്രിൽ 1-14, മെയ് 15-30 |
| 5 | വാട്ട്സ് ആപ് & ഫേസ് ബുക്ക് | ദൈനംദിന മെസേജുകൾ | ഹരിത കേരളം മിഷൻ, ശുചിത്വ മിഷൻ & മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്. ഐ.ഇ.സി/ഐ.ടി ടീം | ഫെബ്രുവരി 5 മുതൽ |
| | **3. സാങ്കേതിക സംവിധാനങ്ങൾ ഡിസൈൻ** | | | |
| 1 | ഡിസൈൻ & എസ്റ്റിമേറ്റ് തയ്യാറാക്കൽ | വിവിധയിനം കമ്പോസ്റ്റു പിറ്റ്, സോക് പിറ്റ് എന്നിവയുടെ ഡിസൈനും എസ്റ്റിമേറ്റും, മിനി എം.സി.എഫ്. ഡിസൈൻ & എസ്റ്റിമേറ്റ്, കോളനി വികസനം മാതൃക എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് | സ്റ്റേറ്റ് എഞ്ചിനീയർ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്, സീനിയർ കൺസൾട്ടന്റ് (ടെക്നിക്കൽ) ശുചിത്വ മിഷൻ & ടെക്നിക്കൽ ടീം | ഫെബ്രുവരി 5നു മുന്നേ |
| 2 | ഡിസൈൻ & എസ്റ്റിമേറ്റ് തദ്ദേശ സ്വയംഭരണ, | ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുമായി ആശയ | ചീഫ് എഞ്ചിനീയർ | ഫെബ്രുവരി 10 |

| | | | | |
|---|---|---|---|---|
| | തൊഴിലുറപ്പ് പദ്ധതി എഞ്ചിനീയർമാർക്ക് പരിചയപ്പെടുത്തൽ | വിനിമയം - വീഡിയോ കോൺഫറൻസ് | പി.എം.ജി.എസ്.വൈ & സ്റ്റേറ്റ് എഞ്ചിനീയർ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് | |
| | | ബ്ലോക്ക് തദ്ദേശ സ്വയംഭരണ അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ & അക്രഡിറ്റഡ് എഞ്ചിനീയർമാർക്ക് പരിചയപ്പെടുത്തൽ, ടെക്നിക്കൽ സാങ്ഷൻ, നിർവ്വഹണ നടപടികൾ ചർച്ച - ജില്ലാതല മീറ്റിംഗ് | എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എം.ജി.എസ്.വൈ | ഫെബ്രുവരി 15 |
| | | ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ & ഓവർസിയർമാർക്ക് പരിചയപ്പെടുത്തൽ, ടെക്നിക്കൽ സാങ്ഷൻ, നിർവ്വഹണ നടപടികൾ ചർച്ച - ബ്ലോക്ക്തല മീറ്റിംഗ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശ സ്വയംഭരണ വകുപ്പ് | ഫെബ്രുവരി 20 |
| | **4. ഓറിയന്റേഷൻ** | | | |
| 1 | സംസ്ഥാനതല ഓറിയന്റേഷൻ | മേയർ ചേമ്പർ, മുനിസിപ്പൽ ചെയർമെൻ ചേമ്പർ പഞ്ചായത്ത് അസോസിയേഷൻ ഭാരവാഹികൾ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ ജില്ലാ മിഷൻ കോർഡിനേറ്റർമാർ, ചീഫ് എഞ്ചിനീയർ പി.എം.ജി.എസ്.വൈ, പഞ്ചായത്ത് ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, ആരോഗ്യവകുപ്പ് പ്രതിനിധി, ഏകദിനം (വീഡിയോ കോൺഫറൻസ്) | പ്രിൻസിപ്പൽ സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ്), എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, ഡയറക്ടർ ജനറൽ, കില | ജനുവരി 31 ന് |
| 2 | ജില്ലാതല ഓറിയന്റേഷൻ | ജില്ലാപഞ്ചായത്ത് അംഗങ്ങൾ, ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർ, ഡി.പി.സി. അംഗങ്ങൾ, ബി.പി.ഒ.മാർ, തദ്ദേശ സ്വയംഭരണ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ജില്ലാ റിസോഴ്സ് പേഴ്സൺമാർ, ബ്ലോക്ക് അക്രഡിറ്റഡ് എഞ്ചിനീയർമാർ | ശുചിത്വ മിഷൻ ജില്ലാ മിഷൻ കോർഡിനേറ്റർ | ഫെബ്രുവരി 1 ന് |
| 3 | ബ്ലോക്ക്തല ഓറിയന്റേഷൻ | ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, അസിസ്റ്റന്റ് സെക്രട്ടറിമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, സി.ഡി.എസ്. ചെയർപേഴ്സൺമാർ, ബ്ലോക്ക് | ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർ | ഫെബ്രുവരി 12നു മുന്നേ |

| | | | | |
|---|---|---|---|---|
| | | പഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത്തല റിസോഴ്സ് പേഴ്സൺമാർ, ഗ്രാമപഞ്ചായത്ത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ, അക്രഡിറ്റഡ് എഞ്ചിനീയർമാർ | | |
| 4 | ഗ്രാമപഞ്ചായത്ത്തല ഓറിയന്റേഷൻ | ഗ്രാമപഞ്ചായത്ത് മെമ്പർമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, എ.ഡി.എസ്. പ്രസിഡന്റുമാർ, ഹരിതകർമ്മ സേനാംഗങ്ങൾ, അക്രഡിറ്റഡ് ഓവർസിയർമാർ, ശുചിത്വാരോഗ്യ പോഷണ സമിതി ഭാരവാഹികൾ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ഫെബ്രുവരി 21നു മുന്നേ |
| 5 | വാർഡുതല ഓറിയന്റേഷൻ | വാർഡ് ശുചിത്വാരോഗ്യ സമിതി | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ഫെബ്രുവരി 28നു മുന്നേ |
| | ഓറിയന്റേഷൻ പരിശീലനത്തിൽ കാമ്പയിന്റെ കാഴ്ചപ്പാട്, ഘടകങ്ങൾ, ലക്ഷ്യം, നിർവ്വഹണരീതി, സാങ്കേതിക കാര്യങ്ങൾ എന്നിവയും ഓരോ പങ്കാളിയുടെ ഉത്തരവാദിത്വവും ചർച്ച ചെയ്യപ്പെടണം. തുടർന്ന് താഴെ തട്ടിൽ നടക്കേണ്ട കാര്യങ്ങളുടെ ആസൂത്രണവും ഉണ്ടാകണം. | | | |
| | **5. സമിതി യോഗങ്ങൾ** | | | |
| 1 | ജില്ലാ ശുചിത്വാരോഗ്യ സമിതി | കാമ്പയിൻ വിശദാംശങ്ങളുടെ ചർച്ച<br>കീഴ്തട്ട് സമിതികളുടെ ചുമതല നിശ്ചയിക്കൽ, ആസൂത്രണം, മോണിട്ടറിംഗ് നടപടികൾ സ്വീകരിക്കൽ | ശുചിത്വ മിഷൻ, ജില്ലാമിഷൻ കോർഡിനേറ്റർ, ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ | ഫെബ്രുവരി 13നു മുന്നേ |
| 2 | ഗ്രാമപഞ്ചായത്ത് ശുചിത്വാരോഗ്യ സമിതി | കാമ്പയിൻ പ്രവർത്തനങ്ങളുടെ പ്ലാനിംഗും നിർവ്വഹണവും | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ & അസിസ്റ്റന്റ് സെക്രട്ടറി | ഫെബ്രുവരി 20നു മുന്നേ |
| | ത്രിതല പഞ്ചായത്ത് സമിതി/സ്റ്റാന്റിംഗ് കമ്മിറ്റി, സി.ഡി.എസ്., എ.ഡി.എസ്. ജനറൽ ബോഡികളും യോഗം ചേർന്ന് കാമ്പയിൻ ആസൂത്രണം, നിർവ്വഹണ കാര്യങ്ങൾ ചർച്ച ചെയ്യണം. അയൽക്കൂട്ടങ്ങൾ വിവിധ സ്ക്വാഡുകളായി തിരിഞ്ഞ് ശുചിത്വാരോഗ്യ സമിതിയോടൊപ്പം ഗൃഹ സന്ദർശനം നടത്തണം. | | | |
| | **6. നിർവ്വഹണം** | | | |
| 1 | ഗൃഹസന്ദർശനം | വാർഡുതല ശുചിത്വാരോഗ്യ സമിതി രൂപീകരിക്കുന്ന സ്ക്വാഡുകൾ എല്ലാ വീടുകളും സന്ദർശിക്കുന്നു – തൊഴിലുറപ്പ് പദ്ധതി മാനദണ്ഡ പ്രകാരം കമ്പോസ്റ്റ് പിറ്റ്, സോക് പിറ്റ് എന്നിവ നിർമ്മിക്കുവാൻ കഴിയുന്ന വീടുകൾ കണ്ടെത്തുന്നു.<br><br>*<u>മാനദണ്ഡം</u>*<br>*വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ ചുവടെ സൂചിപ്പിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.* | 1. വാർഡു മെമ്പർ<br>2. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ പിന്തുണയുണ്ടാകും. | മാർച്ച് 10നു മുന്നേ |

| | | | | | |
|---|---|---|---|---|---|
| | | (എ) പട്ടികജാതി<br>(ബി) പട്ടികവർഗ്ഗം<br>(സി)നാടോടികളായ ആദിവാസികൾ<br>(ഡി) ഡീനോട്ടിഫൈഡ് ആദിവാസികൾ<br>(ഇ) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റു കുടുംബങ്ങൾ<br>(എഫ്) സ്ത്രീകൾ ഗൃഹനാഥകളായ കുടുംബങ്ങൾ<br>(ജി) ശാരീരിക വൈകല്യമുള്ളവർ ഗൃഹനാഥരായിട്ടുള്ള കുടുംബങ്ങൾ<br>(എച്ച്) ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ<br>(ഐ) ഇന്ദിരാ ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കൾ<br>(ജെ) 2006ലെ പട്ടികവർഗ്ഗങ്ങളും ഇതിര പാരമ്പരാഗത വനവാസികളും (വനാവകാശമംഗീകരിക്കൽ) നിയമത്തിന്റെ (2007ലെ) ഗുണഭോക്താക്കളും.<br>മുകളിൽ സൂചിപ്പിച്ച വിഭാഗങ്ങളിലെ അർഹരായ എല്ലാ ഗുണഭോക്താക്കളുടെ ഭൂമിയിലും വീട്ടുവളപ്പിലും ഏറ്റെടുക്കേണ്ട എല്ലാ പ്രവൃത്തികളും പൂർണ്ണമായി ഏറ്റെടുത്ത് പൂർത്തീകരിച്ചതിന് ശേഷം മാത്രമേ 2008ലെ കാർഷിക കടാശ്വാസ പദ്ധതി പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുള്ള ചെറുകിട/നാമമാത്ര കർഷകരുടെ ഭൂമിയിൽ ഇടപെടാൻ പാടുള്ളൂ.<br><br>സാമ്പത്തിക ശേഷിയുള്ള കുടുംബങ്ങളിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംവിധാനം സൃഷ്ടിക്കാൻ കഴിയില്ല. അവിടെ സ്വന്തം ചെലവിൽ നിർമ്മിക്കപ്പെടാൻ പ്രേരിപ്പിക്കണം. കൂടുതൽ ഭൂമിയുള്ള വീടുകളിൽ വേണ്ടതില്ല.<br><br>വീട്ടുടമകളുമായി സംവദിക്കുന്നു<br><br>നിർമ്മാണ രീതിയും സാങ്കേതിക രീതികളും ചർച്ച ചെയ്യുന്നു.<br><br>ലിസ്റ്റ് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിനു കൈമാറുന്നു.<br><br>ലിസ്റ്റിൽപ്പെട്ട കുടുംബങ്ങളിൽ തൊഴിൽ കാർഡ് ഇല്ലാത്തവർക്ക് തൊഴിൽ കാർഡ് നൽകാൻ നടപടി | ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്. എഞ്ചിനീയറിംഗ് & ഡാറ്റാ എൻട്രി ഓപ്പറേറ്റർ ടീം | |

| | | | | |
|---|---|---|---|---|
| 2 | മിനി എം.സി.എഫ്. സ്ഥലം കണ്ടെത്തൽ | ഹരിതകർമ്മ സേന ഓരോ വാർഡിലും ഉചിതമായ സ്ഥലം കണ്ടെത്തി നിർദ്ദേശം ഗ്രാമപഞ്ചായത്തിനു നൽകുന്നു. ഏറ്റവും കുറഞ്ഞത് 4'x6'x6' അളവിലുള്ള പ്രീഫാബ്രിക്കേറ്റഡ് സ്ഥാപിക്കൽ/കെട്ടിയെടുത്ത് സജ്ജീകരിക്കാൻ കഴിയുന്നയിടം. പൊതുസ്ഥലം, പൊതുസ്ഥാപനങ്ങളോടനുബന്ധിച്ച സ്ഥലം, സ്വകാര്യ വ്യക്തികൾ സൗജന്യമായി നൽകുവാൻ സന്നദ്ധമാകുന്ന സ്ഥലം | ഹരിതകർമ്മ സേന, ഗ്രാമപഞ്ചായത്ത്, വാർഡുമെമ്പർ | മാർച്ച് 20നു മുന്നേ |
| 3 | ഒരു എസ്.സി. സങ്കേതം | ഖര-ദ്രവ മാലിന്യ പരിപാലന സൗകര്യങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തിലെ പിന്നാക്കം നിൽക്കുന്ന സങ്കേതം | ഗ്രാമപഞ്ചായത്ത് സമിതി | മാർച്ച് 20നു മുന്നേ |
| 4 | ഗ്രാമസഭ | കമ്പോസ്റ്റ് പിറ്റ്, സോക്പിറ്റ് നിർമ്മിക്കുവാൻ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളുടെ ലിസ്റ്റ് പരിശോധിച്ച് ക്രമീകരണം | 1. ഗ്രാമസഭാ കോർഡിനേറ്റിംഗ് ഉദ്യോഗസ്ഥൻ<br>2. വാർഡ് മെമ്പർ | 2020-21ലെ ആദ്യ ഗ്രാമസഭയിൽ |
| 5 | പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തൽ | ഒരു വീടിന് ഒരു പ്രോജക്ട്<br><br>മിനി എം.സി.എഫ് വാർഡിൽ ഒന്ന്<br><br>ഒരു കോളനി ശുചിത്വ പ്രോജക്ട്<br><br>നിലവിൽ പ്രോജക്ട് ഇല്ലായെങ്കിൽ അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാര നടപടികൾ<br><br>ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് അംഗീകാരം നേടൽ | അതാത് തലത്തിലുള്ള മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്./അയ്യങ്കാളി ഇ.ജി.എസ്. യൂണിറ്റുകൾ | ഏപ്രിൽ 20നു മുന്നേ |
| 6 | എസ്റ്റിമേറ്റും വർക്ക് ക്രിയേഷനും | എം.ഐ.എസ്.ൽ വർക്ക് ക്രിയേറ്റ് ചെയ്യുക<br><br>സാങ്കേതികാനുമതി ലഭ്യമാക്കുക | ഗ്രാമപഞ്ചായത്ത്/ നഗരസഭ മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്./അയ്യങ്കാളി ഇ.ജി.എസ്. ടീം | ഏപ്രിൽ 30നു മുന്നേ |
| 7 | വർക്കർമാരുടെ യോഗം | പദ്ധതിയും നിർവ്വഹണ രീതിയും, എസ്റ്റിമേറ്റും വിശദീകരിക്കൽ | മേറ്റുമാർ | മെയ് 1-7 |
| 8 | വർക്ക് അറേഞ്ച്മെന്റ് സോക്പിറ്റ് & കമ്പോസ്റ്റ് പിറ്റ് | ഒരു ക്ലസ്റ്ററിലെ സാധന സാമഗ്രികൾ കണക്കാക്കി നേരിട്ട് വാങ്ങുന്നതിനുള്ള നടപടികൾ<br><br>മസ്റ്റർ റോൾ പ്രകാരം പ്രവൃത്തിയെടുക്കൽ | ഗ്രാമപഞ്ചായത്ത്, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്. അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർമാർ, | മെയ് 15 മുതൽ |

| | | | | |
|---|---|---|---|---|
| | | (വീട്ടുടമയ്ക്ക് തൊഴിൽ കാർഡ് വേണം, പ്രവൃത്തിയെടുക്കണം) | നഗരസഭാ എഞ്ചിനീയർമാർ | |
| 9 | വർക്ക് അറേഞ്ച്മെന്റ് മിനി എം.സി.എഫ്. | സ്ഥലങ്ങൾ നിശ്ചയിക്കൽ<br><br>ഡിസൈൻ & എസ്റ്റിമേറ്റ് അംഗീകാരം<br><br>സാങ്കേതികാനുമതി<br><br>മെറ്റീരിയൽ കണക്ക് തയ്യാറാക്കൽ<br><br>മെറ്റീരിയൽ ടെസ്റ്റിംഗ്<br><br>നിർമ്മാണ നടപടികൾ<br><br>മിനി എം.സി.എഫ്. പ്രവർത്തനത്തിന് ചുവടെ പറയുന്ന മൂന്ന് മാതൃകകളിൽ അനുയോജ്യമായത് ഗ്രാമപഞ്ചായത്ത്/നഗരസഭ ചർച്ച ചെയ്ത് തീരുമാനിക്കണം<br>1. ഹരിതകർമ്മ സേന അജൈവ മാലിന്യം ശേഖരിക്കുന്നു, മിനി എം.സി.എഫും മാനേജ് ചെയ്യുന്നു.<br>2.ഹരിതകർമ്മ സേന അജൈവ മാലിന്യം ശേഖരിക്കുന്നു, എ.ഡി.എസ്. മിനി എം.സി.എഫ് മാനേജ് ചെയ്യുന്നു<br>3. അയൽക്കൂട്ടം അജൈവ മാലിന്യം ശേഖരിക്കുന്നു, എ.ഡി.എസ്. മിനി എം.സി.എഫ് മാനേജ് ചെയ്യുന്നു.<br>ഇത്തരം മാതൃകകളിൽ പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്ത്/നഗര സഭകൾ സന്ദർശിച്ച് ബോധ്യപ്പെട്ട് തീരുമാനമെടുക്കുവാൻ കഴിയും | ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ടെക്നിക്കൽ സമിതി, അക്രഡിറ്റഡ് എഞ്ചിനീയർ, നഗരസഭാ സെക്രട്ടറി, എഞ്ചിനീയർമാർ | മെയ് 15 മുതൽ |
| 10 | വർക്ക് അറേഞ്ച്മെന്റ് എസ്.സി. സങ്കേതം | ഒരു ഗ്രാമപഞ്ചായത്തിലെ ഒരു സങ്കേതം സമഗ്ര ശുചിത്വം<br><br>സങ്കേതം സന്ദർശനം, മാലിന്യ സംസ്കരണ പ്ലാൻ തയ്യാറാക്കൽ, എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി<br><br>മെറ്റീരിയൽ പ്രൊക്യൂർമെന്റ് നടപടികൾ<br><br>തൊഴിലാളികളെ നിശ്ചയിക്കലും വർക്ക് അറേഞ്ച്മെന്റും | ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി<br><br>എഞ്ചിനീയറിംഗ് ടീം, ശുചിത്വ മിഷന്റെ സാങ്കേതിക പിന്തുണ<br><br>ഗ്രാമപഞ്ചായത്ത് മഹാത്മാഗാന്ധി | മെയ് 15 മുതൽ |

| | | | | |
|---|---|---|---|---|
| | | | എൻ.ആർ.ഇ.ജി. എസ്. അക്രഡിറ്റഡ് എഞ്ചിനീയർ, നഗരസഭാ എഞ്ചിനീയർ | |
| | **7. ശേഷീവികസന പരിശീലനം** | | | |
| 1 | വനിതാ മേസൺ പരിശീലനം | അവിദഗ്ദ്ധ തൊഴിലാളികളിൽ നിന്നും വൈദഗ്ദ്ധ്യ പരിശീലനത്തിന് തൊഴിലാളികളെ കണ്ടെത്തൽ<br><br>പ്രവൃത്തികളിൽ നിയോഗിക്കൽ<br><br>പ്രവൃത്തി നിർവ്വഹണത്തിന്റെ ഭാഗമായി പരിശീലനം | ജില്ലാ മിഷൻ കോർഡിനേറ്റർ - കുടുംബശ്രീ, കുടുംബശ്രീ വനിതാ മേസൺ ടീമുകൾ | മെയ് 15 മുതൽ |
| 2 | പൊതു മേസൺ പരിശീലനം | വിദഗ്ദ്ധ മേസൺമാരായിരുന്നവരും നിലവിൽ തൊഴിൽ മേഖലയിൽ നിന്നും ഒഴിവാക്കപ്പെട്ടവരെ കണ്ടെത്തൽ<br><br>ഇവരുടെ വാർഡുതല യോഗം<br><br>തൊഴിലുറപ്പ് പദ്ധതിയിൽ സ്കിൽഡ് മേസൺമാരായി എൻറോൾ ചെയ്യൽ<br><br>പ്രവൃത്തി സ്ഥലങ്ങളിൽ നിയോഗിക്കൽ | ഗ്രാമപഞ്ചായത്ത് മെമ്പർ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി. എസ്. അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസിയർ, നഗരസഭാ കൗൺസിലർ, എഞ്ചിനീയർ | മെയ് 15 മുതൽ |
| 3 | ഹരിതകർമ്മ സേനാ പരിശീലനം | എം.സി.എഫ്. പ്രൊഫഷണൽ മാനേജ്മെന്റിലുള്ള പരിശീലനം. കുടുംബശ്രീ സംസ്ഥാന മിഷൻ മൊഡ്യൂൾ തയ്യാറാക്കണം | എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ | ഏപ്രിൽ-മെയ് |
| | **8. മോണിട്ടറിംഗ്** | | | |
| 1 | വാർഡുതല ശുചിത്വാരോഗ്യ സമിതി | സമിതി ദ്വൈവാര യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തണം<br><br>മേറ്റുമാരുടെ യോഗം<br><br>പ്രശ്നപരിഹാരം കാണൽ<br><br>ആവശ്യമെങ്കിൽ ഫീൽഡ് സന്ദർശിച്ച് വിലയിരുത്താം | വാർഡ് മെമ്പർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | ജൂൺ 1 മുതൽ |
| 2 | ഗ്രാമപഞ്ചായത്ത്/നഗരസഭാതല ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യ കർമ്മസേന | സമിതി ദ്വൈവാര യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തണം<br><br>പ്രശ്നപരിഹാരം കാണൽ<br><br>ആവശ്യമെങ്കിൽ ഫീൽഡ് സന്ദർശിച്ച് വിലയിരുത്താം | ചെയർപേഴ്സൺ കർമ്മസേന | ജൂൺ 1 മുതൽ |

| | | | | |
|---|---|---|---|---|
| 3 | ബ്ലോക്ക്തല ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യ കർമ്മസേന | സമിതി ദ്വൈവാര യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തണം<br><br>പ്രശ്നപരിഹാരം കാണൽ<br><br>ആവശ്യമെങ്കിൽ ഫീൽഡ് സന്ദർശിച്ച് വിലയിരുത്താം | ചെയർപേഴ്സൺ കർമ്മസേന | ജൂൺ 1 മുതൽ |
| 4 | ജില്ലാതല ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യ കർമ്മസേന | സമിതി പ്രതിമാസ യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തണം<br><br>പ്രശ്നപരിഹാരം കാണൽ | ചെയർപേഴ്സൺ കർമ്മസേന | ജൂൺ 1 മുതൽ |
| 5 | സംസ്ഥാനതല ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യ കർമ്മസേന | സമിതി പ്രതിമാസ യോഗം ചേർന്ന് നിർമ്മാണ പുരോഗതി വിലയിരുത്തണം<br><br>പ്രശ്നപരിഹാരം കാണൽ | ചെയർപേഴ്സൺ കർമ്മസേന | ജൂൺ 1 മുതൽ |
| | **9. പ്രവൃത്തി പൂർത്തീകരണം** | | | 2020 സെപ്റ്റംബർ 30 |